**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2200** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യക്കിറ്റിലെ ഖാദി മാസ്കിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന കിറ്റിൽ ഉൾപ്പെടുത്താൻ നൽകിയ ഖാദി മാസ്കിൽ വ്യാജമായതോ ഗുണനിലവാരമില്ലാത്തതോ ആയ മാസ്കുകൾ സപ്ലൈകോ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര മാസ്കുകളാണ് ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | റേഷൻകട വഴി വിതരണം ചെയ്യാൻ ഖാദി ബോർഡ് നൽകിയ 1,69,74,609 മാസ്കുകളിൽ 93 മാസ്കുകൾ പരിശോധിച്ചതിൽ 29 മാസ്കുകൾ മെഷീൻ നിർമ്മിത തുണി ഉപയോഗിച്ചിട്ടുള്ളതാണെന്നും 26 എണ്ണത്തിൽ പോളിസ്റ്റർ ഉപയോഗിച്ചിട്ടുണ്ടെന്നും സപ്ലൈകോ കണ്ടെത്തുകയുണ്ടായി. |
| (ബി) | ഇത്തരത്തിൽ മാസ്കുകൾ വിതരണം ചെയ്ത ഇനത്തിൽ എത്ര രൂപയാണ് ഖാദി ബോർഡിന് നൽകിയിട്ടുള്ളത്; ഇനി എത്ര രൂപ നൽകാനുണ്ട്; വ്യക്തമാക്കുമോ; | (ബി) | 16 കോടി രൂപ നൽകിയിട്ടുണ്ട്. 3 കോടി രൂപയോളം നൽകാനുണ്ട്. |
| (സി) | വ്യാജ ഖാദി മാസ്കുകളും ഗുണനിലവാരമില്ലാത്ത മാസ്കുകളും ഇത്തരത്തിൽ വിതരണം ചെയ്യുന്നതിനുവേണ്ടി വാങ്ങിയ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ഖാദി ബോർഡ് വിതരണം ചെയ്ത മാസ്കുകളിൽ ചിലത് നിശ്ചിത ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ആവശ്യമായ പിഴ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ